# Sampoorna – iExaMS – 2023

Sampoorna – iExaMS സംയുക്ത സോഫ്റ്റ്‌വെയറാണ് എസ്.എസ്.എൽ.സി 2023 പരീക്ഷയ്ക്ക് ഉപയോഗിക്കുന്നത്. iExaMS സോഫ്റ്റ്‌വെയറിൽ സ്കൂളിനു പ്രവേശിക്കുന്നതിനുള്ള ലിങ്ക് സമ്പൂർണ്ണയുടെ ഡാഷ്ബോർഡിൽ ലഭ്യമാണ്. യൂസർഗൈഡും ഉൾപ്പെടുത്തിയിട്ടുണ്ട്.

**iExaMS ലിങ്കിൽ പ്രവേശിക്കുന്നതിനു മുമ്പ് സമ്പൂർണ്ണയിലെ സ്കൂൾ ലോഗിനിൽ താഴെ പറയുന്ന മൂന്നു വിവരങ്ങളും ചെയ്തിരിക്കേണ്ടതാണ്.**

**1. സ്കൂൾ സമ്പൂർണ്ണയിൽ ലോഗിൻ ചെയ്ത് school details update ചെയ്യുക**
**2. പത്താം ക്ലാസ്സിലെ ഒരു ഡിവിഷന് ഒരു യൂസർ എന്ന രീതിയിൽ നിർമ്മിക്കുക.**
**3. ഓരോ യൂസറും സമ്പൂർണ്ണയിൽ username, password എന്നിവ നല്കി ലോഗിൻ ചെയ്യുക..**

**യൂസറിനെ ക്രിയേറ്റ് ചെയ്യുന്നത് എങ്ങനെയെന്ന് നോക്കാം..**

1. Dashboard ൽ കാണുന്ന Data Entry Users എന്ന ഐക്കണിൽ ക്ലിക്ക് ചെയ്യുക..




2. New data entry user എന്നതിൽ ക്ലിക്ക് ചെയ്യുമ്പോൾ ലഭിക്കുന്ന പേജിൽ username, firstname, lastname, password, email എന്നിവ നല്കി Create എന്നതിൽ ക്ലിക്ക് ചെയ്യുക.
3. 99901_10A, 99901_10B, എന്ന രീതിയിൽ username നൽകാം. ഇവിടെ കോഡിന്റെ സ്ഥാനത്ത് സ്വന്തം സ്കൂളിന്റെ കോഡാണ് ചേർക്കേണ്ടതെന്ന് ഓർക്കുക..

**യൂസറിന് ഡിവിഷൻ അസൈൻ ചെയ്യുക..**






**യൂസറിന് ഡിവിഷൻ അസൈൻ ചെയ്യുന്നതിന് നിർമ്മിച്ച യൂസറിന്റെ പേരിനു നേരെ കാണുന്ന Edit Allowed Class എന്നതിൽ ക്ലിക്ക് ചെയ്യുക.**

1. യൂസറിനു പത്താം ക്ലാസ്സിൽ അസൈൻ ചെയ്യാൻ ഉദ്ദേശിക്കുന്ന ഡിവിഷനു നേരെ കാണുന്ന ചെക്ക് ബോക്സിൽ ടിക് ഇടുക.. update ൽ ക്ലിക്ക് ചെയ്യുക.
2. ഓരോ യൂസറിനും ഡിവിഷൻ ഉൾപ്പെടുത്തുക..**ഒരു യൂസറിനു ഒരു ഡിവിഷൻ മാത്രമേ അസൈൻ ചെയ്യാൻ പാടുള്ളു പ്രത്യേകം ശ്രദ്ധിക്കുക.**
3. ഒരു യൂസറിനു ഒന്നിൽ കൂടുതൽ ഡിവിഷൻ അസൈൻ ചെയ്താൽ പാടില്ല.
4. മുകളിൽ പറഞ്ഞ വിവരങ്ങൾ കൃത്യമല്ല എങ്കിൽ താഴെ കാണുന്ന error messege എഴുതി വരുന്നു..




1. യൂസർ ലോഗിൻ ചെയ്യുന്നതിനു മുമ്പായി അസൈൻ ചെയ്ത ഡിവിഷൻ, പേര് എന്നിവ ശരിയാണെന്ന് ഉറപ്പാക്കുക.
2. **ലോഗിൻ ചെയ്തശേഷം ഒരു തിരുത്തും സാധ്യമല്ല.**
3. യൂസർ അതായത് ക്ലാസ്സ് ടീച്ചർ ലോഗിൻ ചെയ്യുമ്പോൾ കാണുന്ന ഡാഷ്ബോർഡിൽ iExaMS സോഫ്റ്റ്വെയറിൽ പ്രവേശിക്കുന്നതിനുള്ള ലിങ്ക് ലഭ്യമാണ്..
4. username, firstname lastname എന്നിവ യൂസറിനെ ക്രിയേറ്റ് ചെയ്യുന്ന സമയത്ത് തെറ്റായി നല്കിയെങ്കിൽ അസൈൻ ചെയ്ത ഡിവിഷൻ disable ചെയ്തശേഷം update ചെയ്യുക..
5. ശരിയായ രീതിയിൽ പുതിയ യൂസറിനെ നിർമ്മിക്കുക.

**NOTE : username, firstname lastname എന്നിവ ചേർക്കുമ്പോൾ Already Exist എന്ന മെസേജ് ആണെങ്കിൽ നല്കിയ വിവരങ്ങൾക്ക് മാറ്റം ഉൾപ്പെടുത്തി ചേർക്കുക.**

**ഉദാ Aruna എന്നത് ARUNA or aruna 99901_10A എന്നത് 10A_99901 or 99901_10a**